**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2141** **21-06-2024 - ൽ മറുപടിയ്ക്ക്**

**കയ്പമംഗലം മണ്ഡലത്തിലെ ദുരന്ത നിവാരണ ബോധവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കയ്പമംഗലം മണ്ഡലത്തിലെ നിരന്തര കടൽക്ഷോഭങ്ങളും മറ്റ് പ്രകൃതി ദുരന്തങ്ങളും നേരിടുന്നതിനായി ക്ലബുകൾ, വിദ്യാലയങ്ങൾ, മറ്റ് സാംസ്കാരിക സംഘങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഫയർ & റെസ്ക്യൂ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ; | (എ) | കയ്പമംഗലം മണ്ഡലത്തിലെ കൊടുങ്ങല്ലൂർ അഗ്നിരക്ഷാ നിലയത്തിന്റെ പരിധിയിൽ ഏറിയാട്, എടവിലങ്ങ്, എസ്.എൻ.പുരം, മതിലകം എന്നീ പഞ്ചായത്തുകളാണ് ഉൾപ്പെട്ടിരിക്കുന്നത്. മേല്പറഞ്ഞ സ്ഥലങ്ങളിൽ കടൽക്ഷോഭവുമായി ബന്ധപ്പെട്ട് അഗ്നിരക്ഷാ സേനാംഗങ്ങൾ സന്ദർശിക്കുകയും, ജനപ്രതിനിധികളും നാട്ടുകാരുമായും സംസാരിക്കുകയും ചെയ്തു. അപകടത്തിൽപ്പെട്ടതും അപകടാവസ്ഥയിൽ നിൽക്കുന്നതുമായ മരങ്ങൾ റവന്യൂ വകുപ്പിന്റെയും പഞ്ചായത്തിന്റെയും ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ മുറിച്ചു മാറ്റി. കൂടാതെ തീര സംരക്ഷണ സേനയുടെ ആഭിമുഖ്യത്തിൽ ഏറിയാട് പഞ്ചായത്തിൽ ക്ലാസ്സെടുത്തു. ഏറിയാട് ഹാർമണി ക്ലാസ്സുമായും, സിവിൽ ഡിഫൻസുമായി ചേർന്ന് ബോധവത്കരണ ക്ലാസ്, കാലവർഷം തുടങ്ങുന്നതിനു മുൻപ് നടത്തിയിട്ടുണ്ട്.<br><br>നാട്ടിക നിലയത്തിന് കീഴിൽ കയ്പമംഗലം മണ്ഡലത്തിൽ ഉൾപ്പെടുന്ന ഗവ.എച്ച്.എസ്.എസ് ചാമക്കാല, എച്ച്.എസ്.എസ് ചെന്ത്രാപ്പിന്നി, ഗവ.ഫിഷറീസ് എച്ച്.എസ്.എസ് എന്നീ സ്കൂളുകളിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ നേരിടേണ്ട മാർഗ്ഗങ്ങളെക്കുറിച്ചും അഗ്നി സുരക്ഷയെപ്പറ്റിയും ബോധവത്കരണ ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. കയ്പമംഗലം പഞ്ചായത്തിൽ ഹരിതകർമ്മസേന അംഗങ്ങൾക്ക് ബോധവത്കരണ ക്ലാസ്സുകൾ നൽകി. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നടത്തപ്പെടുന്ന തനത് വിദ്യഭ്യാസ പദ്ധതിയായ 'സ്വരക്ഷ'യുമായി ബന്ധപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് വകുപ്പ് നടത്താനുദ്ദേശിക്കുന്നത്? | (ബി) | സ്കൂളുകളിൽ സുരക്ഷ സംബന്ധിച്ച ബോധവത്ക്കരണ ക്ലാസ്സുകൾ നൽകുന്നതിന് അഗ്നിരക്ഷാ സേവന വകുപ്പ് ഉദ്ദേശിക്കുന്നു. കൂടാതെ കയ്പമംഗലം പഞ്ചായത്തുമായി സഹകരിച്ച് പഞ്ചായത്തിലെ |

| | | | |
|---|---|---|---|
| | | | സ്കൂളുകളിൽ നീന്തൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ